Lalith Babu

**തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും രേഖകൾ കോടതിയുടെ ഉത്തരവ് പ്രകാരം മാത്രമേ വെളിപ്പെടുത്തുവാൻ കഴിയുകയുള്ളവെങ്കിൽ അത്തരം വിവരങ്ങൾ വിവരാവകാശനിയമ പ്രകാരം ആവശ്യപ്പെട്ടാൽ ലഭിക്കുകയില്ല**

5. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ 3-ഉം 4-ഉം ക്രമനമ്പരുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ തെരഞ്ഞെടുപ്പു നിയമപ്രകാരം ഫാറം നമ്പർ 17എ-ൽ ഉൾകൊണ്ടിട്ടുള്ള വിവരങ്ങൾ ആണെന്നും, തെരഞ്ഞെടുപ്പു നിയമത്തിലെ 93(1) ചട്ടപ്രകാരം 17എ ഫാറവും, കൗണ്ടർ ഫോയിലുകളും അധികാരപ്പെട്ട കോടതിയുടെ ഉത്തരവു കൂടാതെ തുറക്കുവാനോ, പരിശോധിക്കുവാനോ, ആരുടെയെങ്കിലും മുമ്പിൽ ഹാജരാക്കുവാനോ പാടില്ലാത്തതുമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുകയുണ്ടായി. അപ്പീൽ ഹർജിക്കാരന്റെ അപ്പീലിലെ 3, 4 ക്രമനമ്പരുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ അധികാരപ്പെട്ട കോടതിയുടെ ഉത്തരവ് കൂടാതെ നൽകുന്നത് വിവരാവകാശ നിയമം 8(1)(b) വകുപ്പുപ്രകാരം കോടതി അലക്ഷ്യമാകുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരൻ 6, 7 നമ്പരുകളിൽ ആവശ്യപ്പെട്ട വിവരങ്ങൾ തെരഞ്ഞെടുപ്പു നിയമപ്രകാരം 14എ-യിൽ പെടുത്തിയിട്ടുള്ളതാണെന്നും, ഈ വിവരങ്ങൾ നൽകുന്നത് കോടതിയലക്ഷ്യമാകുകയില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുകയുണ്ടായി.

6. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപറയുന്ന പ്രകാരം ഉത്തരവാകുന്നു.

(1) **അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4 നമ്പരുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ, അധികാരപ്പെട്ട കോടതിയുടെ ഉത്തരവ് കൂടാതെ വെളിപ്പെടുത്തുന്നത് വിവരാവകാശ നിയമം 8(1)(b) വകുപ്പ് പ്രകാരം കോടതിയലക്ഷ്യം ആകുമെന്നതിനാൽ അധികാരപ്പെട്ട കോടതിയുടെ ഉത്തരവ് കൂടാതെ വെളിപ്പെടുത്തേണ്ടതില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.**